File No.SJD/395/2020-C1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :15/04/2020
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - 'തണലിടം' പ്രൊബേഷൻ ഹോമിലേയ്ക്കുള്ള പ്രവേശനം - നിബന്ധനകൾ - - സംബന്ധിച്ച്.

സൂചന: പ്രൊബേഷൻ ശാക്തീകരണത്തിന്റെ ഭാഗമായുള്ള നേർവഴി പദ്ധതി

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഗാന്ധിഭവൻ പത്തനാപുരവുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ വാളകത്തു പുരുഷന്മാർക്കായി 'തണലിടം'എന്ന പേരിൽ ഒരു പ്രൊബേഷൻ ഹോം ആരംഭിച്ചിരിക്കയാണ് . കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ 1960 ചട്ടം 20(1) പ്രകാരമാണ് 'തണലിടം' പ്രൊബേഷൻ ഹോമിൻറെ രൂപീകരണം സാധ്യമാക്കിയിരിക്കുന്നത് . പ്രസ്തുത ഹോമിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി ജില്ലാ പ്രൊബേഷൻ ഓഫീസിർ/ ജയിൽസൂപ്രണ്ടുമാർക്ക് താൽക്കാലികമായി താമസക്കാരെ പ്രവേശിപ്പിക്കാവുന്നതാണ്.

### 'തണലിടം' പ്രൊബേഷൻ ഹോം

കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നതുവരെ (താത്കാലികമോ / സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ) താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണകേന്ദ്രമാണ് പ്രൊബേഷൻ ഹോം.

### 'തണലിടം' പ്രൊബേഷൻ ഹോമിൻറെ ഉദ്ദേശ്യങ്ങൾ

പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം വിട്ടുതൽ ചെയ്യുവാൻ യോഗ്യരായ കേസുകളിൽപ്പെട്ട കുറ്റവാളികൾക്ക് വാസസ്ഥലമില്ലെങ്കിൽ അവർക്ക് താത്ക്കാലികമായോ സ്ഥിരമായോ വാസസ്ഥലം ഉണ്ടാകുന്നത് വരെ താമസ സൗകര്യമൊരുക്കുകയും സാമൂഹ്യ പുനരധിവാസത്തിനായുള്ള പിന്തുണ നൽകുകയും ചെയ്യുക

1. ജീവപര്യന്തം തടവ് ശിക്ഷ അനുഭവിച്ച് ദീർഘനാളായി ജയിലിൽ കഴിയുന്നതും അകാല വിട്ടുതലിന് യോഗ്യരായവരുമായ തടവുകാർക്ക് വാസസ്ഥലമില്ലാത്തത് കൊണ്ടോ ബന്ധുക്കൾ ഏറ്റെടുക്കാത്തതോ ആയ സാഹചര്യത്തിൽ അത്തരം തടവുകാർക്ക് താത്ക്കാലികമോ, സ്ഥിരമോ ആയ വാസസ്ഥലം ഉണ്ടാകുന്നത് വരെ താമസ സൗകര്യം ഉറപ്പാക്കുക . സാമൂഹ്യ പുനരധിവാസത്തിനുള്ള സഹായം ലഭ്യമാക്കുക

2. ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാർക്ക് വാസസ്ഥലമില്ലാത്ത സാഹചര്യവും , നിയമ വിധേയമായ തുടർ ജീവിതം ഉണ്ടാകുന്നതിന് പിന്തുണ ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ മറ്റൊരു താമസസ്ഥലം ക്രമീകരിക്കുന്നത് വരെ താത്ക്കാലിക താമസ സൗകര്യം ലഭ്യമാക്കുക.
3. താമസസ്ഥലമില്ലാത്തതിനാൽ ജാമ്യം ലഭിക്കാതെ ദീർഘനാളായി വിചാരണ നേരിടുന്ന തടവുകാരന് മറ്റൊരു താമസസൗകര്യം കണ്ടെത്തുന്നത് വരെ താമസ സൗകര്യം ലഭ്യമാക്കുക.
4. സാമൂഹ്യ പുനരധിവാസത്തിന്റെ ഭാഗമായി കുറ്റകൃത്യം ചെയ്ത മുതിർന്നവർക്ക് (18 വയസു കഴിഞ്ഞവർ) താമസ സ്ഥലമില്ലെങ്കിൽ അവർക്ക് താത്ക്കാലികമായോ സ്ഥിരമായോ വാസസ്ഥലം ഉണ്ടാകുന്നത് വരെ താമസ സൗകര്യമൊരുക്കുക.
5. ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർക്ക് താമസ സ്ഥലമില്ലെങ്കിൽ അവർക്ക് രാത്രി ഷെൽട്ടർ നൽകുന്നതിന് സൗകര്യം ഒരുക്കുക.

<u>പ്രവേശനവും പുനരധിവാസവും - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.</u>

1. കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർ തുടങ്ങിയവരെയാണ് 'തണലിടം' പ്രൊബേഷൻ ഹോമിൽ പ്രവേശിപ്പിക്കേണ്ടത്.

2. കിടപ്പുരോഗികളോ, മാനസികവെല്ലുവിളി നേരിടുന്നവരോ അല്ലാത്തവരും 18-70 വയസിനിടയിലുള്ളവരും ആയിരിക്കണം. ദൈനംദിന കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ കഴിയുന്നവരായിരിക്കണം.
3. ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർക്ക് താമസ സ്ഥലമില്ലെങ്കിൽ അവർക്ക് രാത്രി ഷെൽട്ടർ നൽകുന്നതിന് ജില്ല പ്രൊബേഷൻ ഓഫീസർമാരുടെ പരോൾ റിപ്പോർട്ടിൽ ശുപാർശ നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ജയിൽ സൂപ്രണ്ട് വിശദാംശങ്ങൾ അടങ്ങിയ കത്ത് 'തണലിടം' ഹോം മാനേജർക്ക് നൽകേണ്ടതുമാണ്.
4. ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ / ജയിൽസൂപ്രണ്ടുമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ 'തണലിടം' ഹോം മാനേജർക്ക് താൽക്കാലികമായി താമസക്കാരെ പ്രവേശിപ്പിക്കാവുന്നതാണ്.
5. 'തണലിടം' ഹോമിലേക്കുള്ള പ്രവേശന സ്ഥിരീകരണം നൽകേണ്ടത് കൊല്ലം ജില്ല പ്രൊബേഷൻ ഉപദേശക സമിതിയാണ്. ഇതിനായി ഉപദേശക സമിതിയിൽ പ്രൊബേഷൻ ഹോം മാനേജറെ ജില്ല പ്രൊബേഷൻ ഓഫീസർ പങ്കെടുപ്പിക്കേണ്ടതാണ്. പ്രൊബേഷൻ ഹോം മാനേജർ ഓരോ താമസക്കാരനെ സംബന്ധിച്ചും പുനരധിവാസ സാധ്യതകൾ ഉൾപെടെയുള്ള വിശദമായ റിപ്പോർട്ട് സമിതിക്ക് മുന്നിൽ അവതരിപ്പിക്കുകയും തീരുമാനം ഉണ്ടായി എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. സമിതിയുടെ തീരുമാനങ്ങൾ 'തണലിടം' ഹോം മാനേജർ ജില്ല പ്രൊബേഷൻ ഓഫീസറുടെ സഹായത്തോടെ എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ ക്കുവേണ

എല്ലാ ജില്ല പ്രൊബേഷൻ ഓഫീസർമാർക്കും

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും (സംസ്ഥാന ജയിൽ മേധാവി മുഖേന)